പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1855 25.03.2013-ൽ മറുപടിയ്ക്ക്

## കരുമാടി ഗവൺമെന്റ് ഹൈസ്കൂളിന്റെ ഗ്രൗണ്ട് പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ കരുമാടി ഗവൺമെന്റ് ഹൈസ്കൂളിന് പൈക്ക പദ്ധതി പ്രകാരം 2011-12 -ൽ ഗ്രൗണ്ട് പുനരുദ്ധാരണത്തിന് തുക അനുവദിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) & | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കരുമാടി ഗവൺമെന്റ് ഹൈസ്കൂളിലെ ഗ്രൗണ്ട് പുനരുദ്ധരണത്തിനായി പഞ്ചായത്തിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഫണ്ട് അനുവദിച്ചു നൽകിയത് എന്ന് വ്യക്തമാക്കുമോ ; പഞ്ചായത്തിന് അനുവദിച്ചു നൽകിയ ഫണ്ട് ഉപയോഗിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | |

സെക്ഷൻ ഓഫീസർ

ഉത്തരം.

(എ)& (ബി) 2011-12 വർഷത്തിൽ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ശുപാർശ ചെയ്തിട്ടുളള ഗ്രാമ പഞ്ചായത്തുകളിൽപ്പെട്ട ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്ത് ഒരു പൈക്ക സെന്ററായി തെരഞ്ഞെടുത്തിരിയ്ക്കുന്നത് കരുമാടി ഗവൺമെന്റ് ഹൈസ്കൂൾ ഗ്രൗണ്ടാണ്.

2011-12 ൽ പൈക്കയിൽ ഉൾപ്പെടുത്തുവാൻ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ സമർപ്പിച്ചിട്ടുളള നിർദ്ദേശം കേന്ദ്ര യുവജന കാര്യ കായികമന്ത്രാലയം അംഗീകരിയ്ക്കുകയും അർഹമായ കേന്ദ്ര വിഹിതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ യടിസ്ഥാനത്തിൽ ഗുണഭോക്താക്കളായ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അർഹമായ ഗ്രാന്റ് വിതരണം ചെയ്യുന്നതിനായി അവർ പൈക്ക സെന്ററായി തെരഞ്ഞെടുത്തിട്ടുളള കേന്ദ്രങ്ങളിൽ നടത്തുവാനുദ്ദേശിയ്ക്കുന്ന കളിസ്ഥല നിർമ്മാണ/ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട്, പ്ലാൻ, എസ്റ്റിമേറ്റ്, എന്നീ രേഖകളും ഇതു സംബന്ധിച്ച ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ റസൊല്യൂഷൻ സഹിതം സമർപ്പിയ്ക്കുവാൻ കൗൺസിലിന്റെ 22/09/2012 ലെ നം. കെ.എസ്.എസ്.സി/പൈക്ക/OTSCG/1415/2011 സർക്കുലർ പ്രകാരം തകഴി ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു.

മറുപടിയായി <u>പഞ്ചായത്ത് സമർപ്പിച്ച കത്തിൽ പൈക്ക സെന്ററായി കേന്ദ്രാംഗീകാരം ലഭിച്ച കരുമാടി ഗവൺമെന്റ് ഹൈസ്കൂളിന് പകരം തകഴി ഗ്രാമ പഞ്ചയത്തിൽ ഉൾപ്പെട്ട മറ്റ് രണ്ട് സെന്ററുകളാണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത്.</u> ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച പൈക്ക ട്രയിനിംഗ് സെന്റർ ഒഴിവാക്കി പുതിയ കേന്ദ്രങ്ങൾ ശുപാർശ

7

ചെയ്തിരിയ്ക്കുന്നത് അംഗീകരിയ്ക്കാനാവില്ല എന്നറിയിച്ചുകൊണ്ട് താഴെ പറയുന്ന വിശദ വിവരങ്ങൾ സമർപ്പിയ്ക്കുവാൻ കൗൺസിലിന്റെ 21/02/2013 ലെ നം. കെ.എസ്.എസ്.സി/പൈക്ക/272/2013 എന്ന കത്ത് പ്രകാരം തകഴി ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരിയ്ക്കുകയാണ്.

1. രണ്ടാം പൈക്ക സെന്ററായി തെരഞ്ഞെടുക്കുന്ന കേന്ദ്രം ഏത്?
2. ഒന്നാം പൈക്ക സെന്ററായ 'കരുമാടി ഗവൺമെന്റ് ഹൈസ്കൂളിലും, രണ്ടാം സെന്ററിലും, ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് എപ്രകാരം വിനിയോഗിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നു.
3. പൈക്ക സെന്ററുകളിൽ നടത്തുവാൻ ഉദ്ദേശിയ്ക്കുന്ന പണികളുടെ പ്ലാൻ, എസ്റ്റിമേറ്റ്, പഞ്ചായത്ത് പാസ്സാക്കിയ റസല്യൂഷന്റെ പകർപ്പ്
4. നിർമ്മാണ പ്രവർത്തനത്തിന് തെരഞ്ഞെടുത്ത സ്ഥലങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച ഫോട്ടോകൾ.

ഇതനുസരിച്ച് നിർദ്ദിഷ്ട മാനദണ്ഡങ്ങൾ ക്കനുസൃതമായി തകഴി ഗ്രാമ പഞ്ചായത്ത് സമർപ്പിയ്ക്കുന്ന പ്ലാൻ/എസ്റ്റിമേറ്റ് തുടങ്ങിയവയുടെ സ്വീകാര്യത ഉറപ്പു വരുത്തിയ ശേഷം അർഹമായ ഗ്രാന്റ് അനുവദിയ്ക്കുന്നതാണ്.

22.3.13

സെക്രട്ടറി